(ബി) ഇതിനായി മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ ഏതുവിധമാണെന്ന് വ്യക്തമാക്കാമോ ;

(സി) നഗരൂരിൽ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് പുതിയതായി പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി ഒരു മുൻഗണന ലിസ്റ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി നിലവിലെ പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ പരിഷ്കാര വകുപ്പ് ഒരു പഠനം നടത്തിവരികയാണ്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ച ശേഷം അതിന്റെ അടിസ്ഥാനത്തിൽ നഗരൂരിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചതിന്റെ മാനദണ്ഡങ്ങൾ

191 (195) ശ്രീമതി ഗീതാ ഗോപി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പോലീസ് സ്റ്റേഷനുകൾ പുതിയതായി അനുവദിച്ചതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാം ; വിശദമാക്കാമോ ;

(സി) ഏതെങ്കിലും തരത്തിലുള്ള പഠനത്തിന്റെ അടിസ്ഥാനത്തിലാണോ മാനദണ്ഡങ്ങൾ തയ്യാറാക്കിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പുതിയ പഠനങ്ങൾ നടന്നുകഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ നാട്ടിക മണ്ഡലത്തിലെ പെരിങ്ങോട്ടുകരയിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതും, അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നതുമായ പ്രവർത്തികൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ആകയാൽ പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നത് തികച്ചും അടിയന്തരമായ സാഹചര്യങ്ങളിൽ മാത്രമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുറ്റകൃത്യങ്ങളുടെ ബാഹുല്യം, ക്രമസമാധാന പ്രശ്നങ്ങൾ, ട്രാഫിക് സംബന്ധമായ പ്രശ്നങ്ങൾ, ജനബാഹുല്യം, ഭൂപ്രകൃതി, തീവ്രവാദ പ്രവർത്തനങ്ങൾ, പോലീസ് സ്റ്റേഷനുകൾ തമ്മിലുള്ള ദൂരം, സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം, രാഷ്ട്രീയ/സാമുദായിക സംഘർഷ സാധ്യതകൾ തുടങ്ങിയവ കണക്കിലെടുത്താണ് പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നത്.

(സി&ഡി) സംസ്ഥാനത്ത് പുതിയതായി ആരംഭിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ ഒരു മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിനായി നിലവിലെ പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ് പഠനം നടത്തിവരികയാണ്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ചശേഷം പെരിങ്ങോട്ടുകര ഉൾപ്പെടെയുള്ള പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

ബാർ കോഴക്കേസുകളിലെ അന്വേഷണം

192 (196) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. ബി. ഡി. ദേവസ്സി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ബാർ കോഴ കേസുകളിലെ അന്വേഷണ സംഘത്തിന്റെ കണ്ടെത്തലുകൾ വിശദമാക്കാമോ; ആരുടെ നേതൃത്വത്തിൽ ആരെല്ലാമാണ് അന്വേഷണം നടത്തിയിരുന്നത്;

(ബി) പൂട്ടിയ ബാറുകൾ തുറക്കാൻ ധനകാര്യമന്ത്രി കെ.എം. മാണിയെന്ന ആരോപണം സംബന്ധിച്ച് കീഴ്ക്കോടതിയിൽ എന്തെല്ലാം വിശദീകരണങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു മന്ത്രിയെ ഒന്നാം പ്രതിയാക്കി കേസ് രജിസ്റ്റർ ചെയ്തിരുന്നത്; തുടർന്നുള്ള അന്വേഷണത്തേയും, കോഴ വാങ്ങിയതായുള്ള മൊഴിയുടെ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ പരിശോധനാഫലം സംബന്ധിച്ചും വിശദമാക്കാമോ ;

(സി) എക്സൈസ് ലൈസൻസുകൾ പുതുക്കാൻ എക്സൈസ് മന്ത്രി കെ.എം. മാണി കോഴ വാങ്ങിയെന്ന് ആരോപിച്ചുകൊണ്ടുള്ള ബാർ കോഴ കേസ് 164 സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ കീഴ്ക്കോടതിയിൽ വെരിഫിക്കേഷൻ നടത്തി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നുവോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ;

(ഡി) മേൽപ്പറഞ്ഞ ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുമ്പോൾ മന്ത്രി സ്ഥാനങ്ങളിൽ നിന്ന് മാറിനിൽക്കണമെന്ന് അന്വേഷണസംഘം ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ ; അന്വേഷണ ഘട്ടത്തിൽ മന്ത്രിസ്ഥാനത്തുനിന്ന് മാറി നിൽക്കാൻ ഇരുവരോടും മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ ;

(ഇ) ആരോപിതർ മന്ത്രിസ്ഥാനങ്ങളിൽ തുടരുന്നതിനാൽ അന്വേഷണസംഘം കൂട്ടിലടയ്ക്കപ്പെട്ടു എന്ന ആക്ഷേപം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly